# അക്കാദമിക മാസ്റ്റർ പ്ലാൻ.
## STD II, III & IV

ആമുഖം.

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികസനം, വൈജ്ഞാനികമേഖല, സർഗാത്മകമേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ ഓരോ കുട്ടിയേയും പരിഗണിച്ചാണ് സ്കൂൾ തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. ഓരോ കുട്ടിയും നേടേണ്ട ശേഷികൾക്കാവശ്യമായ പ്രവർത്തനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യം ഇടുന്നത്. എല്ലാ വിഷയത്തിലും നിപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലത്തിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം. ഈ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതതു തലത്തിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ വിദ്യാലയത്തിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും ഉറപ്പു വരുത്തുന്നു.

## അവസ്ഥാ വിശകലനം

1. കുട്ടികൾക്ക് വാചികമായി ഭാഷ പ്രയോഗിക്കാനുള്ള കഴിവ് കുറവാണ്
2. ഓരോ ക്ലാസിലും തുടക്കക്കാരുടെ നിലവാരത്തിൽ കുട്ടികളുടെ രചനകൾ എത്തിയിട്ടില്ല.
3. ലേഖനത്തിൽ ധാരാളം തെറ്റുകൾ വരുത്തുന്നു.
4. കുട്ടികളുടെ വായന മെച്ചപ്പെടുത്തേണ്ടതുണ്ട്.
5. സംഖ്യാബോധവും ക്രിയാശേഷികളും എല്ലാ കുട്ടികൾക്കും നേടാനായിട്ടില്ല.

## ലക്ഷ്യങ്ങൾ.

* ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* എല്ലാ കുട്ടികൾക്കും ആശയഗ്രഹണവായന ഉറപ്പാക്കുക.
* എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർ
പ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും
ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

* സ്വതന്ത്രമായി അന്വേഷണം ചെയ്ത് അനു
യോജ്യമായ ഉപകരണങ്ങൾ തെരഞ്ഞെടുത്ത്
പരീക്ഷണങ്ങൾ നടത്തി നിഗമനത്തിൽ
എത്താൻ പ്രാപ്തരാക്കുക.

* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക
പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്ക

ക്ലാസ് 1 - മലയാളം

## പാട്ടരങ്ങ് [ജൂൺ - മാർച്ച്]

### ഉപലക്ഷ്യങ്ങൾ:-

ഒന്നാം ക്ലാസ്സിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. താളാത്മകമായ ഭാഷ ആശയങ്ങളെ തിരിച്ചറിയാനുള്ള ഭാഷാപഠനത്തെ സ്വാധീനിക്കുന്നു. കുട്ടികളിൽ പഠനതാല്പര്യം വർദ്ധിക്കാനും വളർത്താനും പഠനം ആസ്വാദ്യമാക്കുന്നതിനും സഹായകമാണ് പാട്ടുകൾ. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ ചെറുസദസ്സിനുമുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനമാണ്.

### പ്രവർത്തന ഘട്ടങ്ങൾ

* താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആംഗികമായി ചൊല്ലുന്നു
* ചെറുസദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ അഭിനയഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു.

* താളവൈവിധ്യമുള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടമായും ചൊല്ലുന്നു
* പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താള-ത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.
* സന്ദർഭത്തിനനുയോജ്യമായി വരികളും വായ്ത്താരികളും കൂട്ടിച്ചേർത്ത് അവതരിപ്പിക്കുന്നു.
* പാട്ടുകൾ ഈണത്തോടും താളത്തോടും കൂടി ഏറ്റു ചൊല്ലുന്നു.

2 സംയുക്ത ഡയറി (ജൂൺ - മാർച്ച്)

ഉപലക്ഷ്യങ്ങൾ:

* കുട്ടിയുടെ സ്വതന്ത്രരചനാശേഷി വികസിപ്പിക്കുക
* പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭ-ങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക
* കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയ-ങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.
* ആശയാവതരണരീതിയുടെ ഉയർന്ന തലങ്ങളിൽ ഒന്നായ രീതിയിൽ സംയുക്തഡയറി എഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക.

പ്രവർത്തന ഘട്ടങ്ങൾ:

* ക്ലാസ് പി ടി എ യോഗം വിളിച്ച് പ്രക്രിയ ബോധ്യ

...പ്പെടുത്തൽ

- ✯ അച്ചടിച്ച ഡയറി കാണുവാൻ അവസരം ഒരുക്കൽ
- ✯ ഡയറി എഴുത്തുമൂലമുണ്ടായ ഭാഷാപരമായ മുന്നേറ്റം ചർച്ചചെയ്യൽ
- ✯ ഓരോ കുട്ടിക്കും ഓരോ നോട്ട്ബുക്ക് ഉറപ്പാക്കൽ
- ✯ ഡയറിയുടെ പ്രക്രിയ സംബന്ധിച്ച ചെറുകുറിപ്പ് എല്ലാ രക്ഷിതാക്കൾക്കും ലഭ്യമാക്കൽ
- ✯ ഡയറി പരിശോധന
- ✯ ഗുണാത്മക കുറിപ്പുകൾ എഴുതൽ
- ✯ ഡയറിയുടെ പുരോഗതി വിലയിരുത്തൽ
- ✯ വിവിധ തീമുകളുമായി ബന്ധപ്പെട്ട രചനകൾ
- ✯ 2026 ജനുവരിമുതൽ മാർച്ച് വരെയുള്ള കാലയളവിലെ ഓരോ കുട്ടിയുടെയും മികച്ച ഒരു ദിവസത്തെ ഡയറി കുറിപ്പുകൾ ഉൾപ്പെടുത്തി ഡയറി അച്ചടിച്ച് പ്രസിദ്ധീകരിക്കും.
- ✯ ഡയറി പ്രകാശനം, ഉള്ളടക്കം തീരുമാനിക്കൽ
- ✯ പ്രകാശന തിയതിയും രീതിയും മുന്നൊരുക്കവും

3 <u>വായനോത്സവം</u> [ജൂൺ - മാർച്ച്]

<u>പ്രവർത്തനങ്ങൾ</u>

ജൂൺ

- ✯ ക്ലാസ് വായനാമൂല ക്രമീകരണം
- ✯ ക്ലാസ് പിടിഎ കൂടുന്നു

ജൂലൈ

* സംയുക്തവായന
* ഓരോ കുട്ടിക്കും ഓരോ പുസ്തകങ്ങൾ നൽകൽ
* അമ്മവായന
* ഇഷ്ടകഥാപാത്രങ്ങളെ ചിത്രീകരിക്കുന്നു

ആഗസ്റ്റ് - നവംബർ

* ചിത്രം നോക്കി കഥ ഊഹിച്ചു പറയുന്നു
* അമ്മ വായനയ്ക്ക് ശേഷം ബാക്കി കഥാസന്ദർഭം ഊഹിച്ച് പറയുന്നു
* ആശയ ചോർച്ച ഇല്ലാതെ കഥ അവതരണം
* ക്ലാസ്സ് പി.ടി.എയിൽ കഥ അവതരണം

ഡിസംബർ - ഫെബ്രുവരി

* പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു. അമ്മയുടെ സഹായത്തോടെ വായിക്കുന്നു.
* രണ്ട് മൂന്ന് തവണ ഒരേ പുസ്തകം വായിക്കുന്നു
* ക്ലാസ്സ് പി.ടി.എ യിൽ പുസ്തക പരിചയം നടത്തി കഥ അവതരിപ്പിക്കുന്നു
* പഠനോത്സവത്തിൽ പൊതുജനങ്ങൾക്ക് മുന്നിൽ ലഭ്യമാക്കിയിട്ടുള്ള രചനകൾ വായിക്കൽ

മാർച്ച്

* കഥോത്സവം

* രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാ പുസ്തകങ്ങൾ വായിച്ചു കേട്ട കുട്ടികൾ അവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു
* ക്ലാസ്സ് പിടിഎയിൽ പുസ്തക വായന, പുസ്തകാവതരണം എന്നിവ നടത്തുന്നു.

4 നിർമ്മാണ ശില്പശാല [ആഗസ്റ്റ്]

ഉപലക്ഷ്യങ്ങൾ

* പരിസ്ഥിതി സൗഹൃദമായ കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുക
* പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക
* കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക.

പ്രവർത്തന ഘട്ടങ്ങൾ

* ക്ലാസ് പിടിഎയിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ
* നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ
* നിർമ്മാണത്തിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തൽ
* അസംസ്കൃത വസ്തുക്കളുടെ സമാഹരണം
* രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം.
* രക്ഷിതാക്കളും കുട്ടികളും ഒരുമിച്ച് വേണം പ്രവർത്തന ചെയ്യാൻ
* ശില്പശാല തിയതി തീരുമാനിക്കൽ

☆ പ്രചാരണം

☆ നിർമ്മിച്ചവയുടെ പ്രദർശനം

5 **രചനോത്സവം** ജനുവരി - മാർച്ച്

**ഉപലക്ഷ്യങ്ങൾ**

☆ കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന്

☆ സ്വതന്ത്രരചനയ്ക്ക് അവസരം ഒരുക്കുക

☆ അനുയോജ്യമായ ചിത്രം വച്ച് രചനയെ ആകർഷകമാക്കുക

☆ രചനകൾ സമൂഹവുമായി പങ്കിടുക

**പ്രവർത്തന ഘട്ടങ്ങൾ**

☆ രക്ഷിതാക്കൾക്കായി രചനോത്സവ ശില്പശാല

☆ ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തിരഞ്ഞെടുക്കൽ

☆ ഓരോ ആഴ്ചയിലും ഒന്നുവീതം ചിത്രം കുട്ടികൾക്ക് ലഭ്യമാക്കൽ

☆ കുട്ടിക്ക് സർഗാത്മക രചനയിലേർപ്പെടാൻ അവസരം

☆ എഡിറ്റിംഗ്

☆ അച്ചടിച്ച രചനകൾ

☆ കുഞ്ഞെഴുത്ത് - പ്രകാശനം

- മഞ്ചാടി സഞ്ചിയുടെ ഉപയോഗം, പ്രാധാന്യം എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- മഞ്ചാടി സഞ്ചിയിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശം നൽകുന്നു.
- മഞ്ചാടിസഞ്ചി ഉല്ലാസം നടപ്പിലാക്കുന്നു.

**എന്റെ കുഞ്ഞുപുസ്തകം**

എല്ലാ കുട്ടികളും എന്റെ കുഞ്ഞുപുസ്തകം നിർമ്മിക്കുന്നു.

ക്ലാസ്സ്-1 ഗണിതം

## ഉദ്ദേശ്യങ്ങൾ

- ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കൽ
- പ്രശ്നാവസ്ഥ പരിഹരിക്കുന്നതിന്
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ്
- കുട്ടികളെ പഠനം രസകരമാക്കി തീർക്കാനുള്ള താല്പര്യം ഉണർത്തുന്നതിന്
- സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം തുടങ്ങി പഠനനേട്ടങ്ങൾ കൈവരിക്കാൻ

## പ്രവർത്തനങ്ങൾ

* ഗണിതകേളി
* മഞ്ചാടി സഞ്ചി
* എന്റെ കുഞ്ഞുപുസ്തകം

## ഗണിതകേളികൾ:- [ജൂൺ-മാർച്ച്]

ക്ലാസ്സ് റൂമിൽ കുട്ടികൾക്കായി രസകരമായ നിരവധി ഗണിത കേളികൾ നടത്തുന്നു

## മഞ്ചാടി സഞ്ചി (ജൂൺ - മാർച്ച്)

- രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടിസഞ്ചി.

- മഞ്ചാടി സഞ്ചിയുടെ ഉപയോഗം, പ്രാധാന്യം എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- മഞ്ചാടി സഞ്ചിയിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശം നൽകുന്നു.
- മഞ്ചാടിസഞ്ചി ഉദ്ഘാടനം നടപ്പിലാക്കുന്നു.

## എന്റെ കുഞ്ഞുപുസ്തകം

എല്ലാ കുട്ടികളും എന്റെ കുഞ്ഞുപുസ്തകം നിർമ്മിക്കുന്നു.

# English

## Sub objectives

1. All learners get interested towards english languages.
2. Engage in games and group level activities
3. Listen to narratives and teacher talks and show signing understanding verbally
4. Able to comprehend the instructions of the teacher and respond accordingly.
5. Familiarises write English words denoting vehicles, animals and birds.
6. Familiarises with words of possession (has/have)
7. Familiarises with phatic communication expression such as Hello, I'm sorry, Thank you, Bye etc
8. Able to describe familiar objects using its size and colour etc.
9. Familiarises with words denoting colours and numbers (1-10)
10. Familiarises with the rhythm and pattern of songs
11. Able to add own lines to a given song by subsititutions words / pharases
12. Able to read simple conversations, descriptions and songs graphically.

13 Construct dialogues to specific contexts using fragmentary expressions or mixed with the mother tongue

Activities

1. Engaging learners in language games
2. Engaging learners in story telling
3. Engaging in answering simple comprehensive questions.
4. Ensuring learners comprehend teacher instructions involving physical actions
5. Familiarising with vocabulary using pictures and audio clips.
6. Describing things using words of possession, size, colour
7. Engage in roleplays
8. Familiarises with rhythm and pattern of songs
9. Helping learners to add lines to simple songs
10. Helping learners to read simple materials
11. Helping learners to construct dialogues using simple expression even mixing with mothertongue.

# പ്രവർത്തനകലണ്ടർ Std II.

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണകാലം |
|---|---|---|
| 1. | പ്രവർത്തനകലണ്ടർ | മെയ് |
| 2. | മലയാള മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5. | സചിത്രപുസ്തകം | ജൂൺ - മാർച്ച് |
| 6. | റീഡേഴ്സ് തിയറ്റർ | ജൂലൈ - മാർച്ച് |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ - മാർച്ച് |
| 8. | രചനോത്സവം | ജൂലൈ - മാർച്ച് |
| 9. | പഠനോത്സവം | ഫെബ്രുവരി |

# രണ്ടാം ക്ലാസ്

## ജൂൺ.

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

A. Pre-Test നടത്തി കുട്ടിയെ മനസ്സിലാക്കുന്നു.

B. സന്നദ്ധതാപ്രവർത്തനങ്ങൾ നടത്തുന്നു (ആദ്യ ആഴ്ച)

C. അക്ഷരകാർഡ് നൽകൽ.

D. പിന്നോക്കക്കാർ ചിത്രത്തിന് നിറം നൽകൽ

E. ചിത്രം കാണിച്ച് അധ്യാപകന്റെ സഹായത്തോടെ ആശയം പറയുന്നു.

F. അമ്മവായന.

G. വായനാക്കാർഡ് നിർമ്മാണം.

H. പദക്കാർഡ് നിർമ്മാണം

I വാക്യങ്ങളിൽ നിന്ന് അക്ഷരം തിരിച്ചറിയൽ.

J. കുട്ടിക്കഥ.

K. മലയാള മധുരം

L. സംയുക്ത ഡയറി. (അമ്മമാരുടെ സഹായത്താൽ)

M. സചിത്ര പുസ്തകം.

N. പാട്ടരങ്ങ്.

## ജൂലൈ.

★ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

✓ ചിത്രവായന

✓ മേനിപറച്ചിൽ

✓ കഥ ഊഹിച്ചുപറയൽ.

✓ റോൾ പ്ലേ.

✓ കാർഡുകളുടെ പ്രദർശനത്തിനുള്ള അവസര

✓ പ്രദർശനത്തിൽ വീട്ടിലുള്ള അവസരം

✓ പ്രദർശനത്തിന് പൊതുവേദി ഒരുക്കൽ.

✓ റീഡേഴ്സ് തിയേറ്റർ

✓ സംയുക്ത ഡയറി.

✓. മലയാള മധുരം.

ആഗസ്റ്റ്.

— ആശയഗ്രഹണ വായന ഉറപ്പാക്കൽ

— ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

— രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ അനുയോജ്യമായ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.

— പുസ്തക പരിചയപ്പെടുത്തൽ

— വായിച്ച കഥകളെ ചിത്രകഥകളാക്കൽ

— വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങളുണ്ടാക്കൽ

— വീട്ടുലൈബ്രറി.

## സെപ്റ്റംബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ വാചികമായി സ്വയം അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ
* പതിപ്പ് തയ്യാറാക്കൽ.
* വായനാക്കാർഡ് തയ്യാറാക്കൽ.
* ആൽബം തയ്യാറാക്കൽ.

## ഒക്ടോബർ.

* കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.
* എന്റെ വളരുന്ന പുസ്തകം തയ്യാറാക്കൽ.

## നവംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.
* വ്യവഹാരരൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ സാധ്യതകൾ രൂപീകരിച്ചു ചെയ്യുന്നു

ഡിസംബർ

* വരികൾ കൂട്ടിച്ചേർത്തു പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ
* ലഘുവിവരങ്ങൾ പ്രത്യേകതകൾ എഴുതുന്ന, വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.
* അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിനുള്ള അവസരം ഒരുക്കൽ

ജനുവരി.

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.
* എല്ലാതരത്തിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു ഉറപ്പാക്കൽ.
* എല്ലാ മേഖലയിലും കുട്ടിയെ എത്തിക്കാൻ സാധിച്ചു എന്ന് ഉറപ്പുവരുത്തൽ.

ഫെബ്രുവരി & മാർച്ച്

* ഓരോ കുട്ടിയും മാഗസിൻ തയ്യാറാക്കൽ
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന. അനുവായന, ചിത്രവായന.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി ശക്തമാക്കൽ

## ഗണിതം Std II.

### പ്രവർത്തനലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നോപയോഗനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നു.
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു (100ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന രീതിയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

### മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

### പ്രവർത്തനലക്ഷ്യം

- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

### ജൂൺ

- 1, 2, 3, 4 ......
- 1, 3, 5, 7 .....
- 10, 20, 30 ......
- 5, 10, 15, 20 ...

- 2, 4, 6, 8, 10 - - - തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യ, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതെ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തി തുടർച്ചയായി എണ്ണി ആകെ എണ്ണം പറയ
- ഗണിതകിറ്റ് എല്ലാ കുട്ടികളിലും
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർ രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ 5+5=10 10+10=2

അഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
- 99 നോട് 1 കൂട്ടിയാൽ 100
- 10 പത്തുകൾ ചേർന്നാൽ 100 ആകും
- 100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതപ ങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർ കണ്ടെത്തൽ
- നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ

5 . . . . 10 . . . . 15 . . . . 20 . . . . 25

(5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം)

നവംബർ

- സ്ഥാനവിലതിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളി
നോട്ടുകൾ പേപ്പർ ഉരുവെന വെട്ടി തയ്യാറാക്കി
സംഖ്യ പറയുന്നൽ 'ക്ലാസിനൊരുകട' കളിയിലൂടെ
പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ
- കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

10 രൂപ + 5 രൂപ = 15 രൂപ
നോട്ട് നാണയം

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാവ്യാഖ്യാനം ഉറപ്പിക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില
പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി -
വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ
വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ
പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്തു തുക കണ്ടെത്തൽ
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന
പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

- ഗണിതം ആസ്വാദകരമാക്കാൻ ഇടപെടലുകളിൽ
ഗണിതപഠനം നടത്തൽ
(ഒന്ന് എന്ന് പറയുമ്പോൾ)
- ഉല്ലാസഗണിതം Material ഉപയോഗിച്ച് ഗണിതപ്രശ്-
നങ്ങൾ പരിഹരിക്കൽ ഗണിതപഠനം കളിരീതിയിൽ
[illegible] വിജയം കൈവരിക്കൽ

## മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ് മാസത്തിൽ ദിവസങ്ങ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയു

Std III.

# ഗണിതം - മാസ്റ്റർ പ്ലാൻ

## ആമുഖം

1, 2, ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചവരുമാണ് മൂന്നാം ക്ലാസിലെ കുട്ടികൾ. ആയതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഉണ്ടാകേണ്ടിയിരിക്കുന്നത്. ഗണിതവിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രൂപകല്പന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.

## ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുന്നു.
- ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക
- സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കൽ.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുക.
- പ്രശ്നപരിഹരണശേഷി ഉള്ളവരാക്കി മാറ്റുക

ജൂൺ

- ഗണിതവിജയം കളികൾ
- സംഖ്യകൾ എഴുതിയ നമ്പർ കാർഡുകൾ
  (രണ്ടാം)
- കിട്ടിയ സംഖ്യ വായിക്കുന്നു
- മറ്റുള്ളവർ സംഖ്യ എഴുതുന്നു.
- തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാ
  വസരം നൽകുന്നു
- ആരോഹണ/അവരോഹണ ക്രമത്തിൽ
  പറയുന്നു. എഴുതുന്നു

ജൂലായ്

- ഇഷ്ടമുള്ള 3 അക്കസംഖ്യ എഴുതുന്നു
- അതിനടുത്തുള്ള 10 സംഖ്യകൾ എഴുതുന്നു
- ഇവയെ 1, 10, 100 ന്റെ കൂട്ടങ്ങളാക്കുന്നു
- ഓരോ കുട്ടിക്കും ഒരു മൂന്നക്കസംഖ്യ ബോ
  എഴുതാം
- ബോർഡിൽ എഴുതിയ സംഖ്യയെ വ്യത്യസ്ത
  മാറ്റി എഴുതുന്നു.

ആഗസ്റ്റ്

- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.
- അരവിന്ദ ഗുപ്ത കാർഡ് ഉപയോഗിച്ച്
  സംഖ്യ നിർമ്മിക്കുന്നു

- 100 വീതം കൂട്ടി 1000 വരെ പറയുന്നു.

<u>സെപ്തംബർ</u>

- സംഖ്യാചക്രം കറക്കി 2 സംഖ്യകൾ കണ്ടെത്തുന്നു.
- അവ തമ്മിലുള്ള സങ്കലനം/വ്യവകലനം

<u>ഒക്ടോബർ</u>

- ഗണിതവിജ്ഞാന കളികൾ (തുടർച്ച)
- Tr. BB യിൽ സംഖ്യ എഴുതുന്നു.
- വിവിധ ക്രിയകൾ അടങ്ങിയ കാർഡുകൾ കുട്ടികൾക്ക് നൽകൽ.
- ക്രിയ ചെയ്ത് അതിന്റെ ഉത്തരമാണ് BB യിൽ ഉള്ളതെന്ന് കണ്ടെത്തുന്നു.

<u>നവംബർ</u>

- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
- കുട്ടികൾക്ക് സംഖ്യ കാർഡുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
- കിട്ടിയ സംഖ്യ ചാർട്ടിൽ ക്രിയ നോക്കി ഉത്തരം കണ്ടെത്തി ഒട്ടിക്കുന്നു

-

നവംബർ

- വർക്ക്ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത ...
- ഗണിതാശയ രൂപീകരണം നടത്തൽ
- അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത സംഖ്യകൾ ഉണ്ടാക്കൽ.
- ഗണിതകേളികളിൽ ഏർപ്പെടൽ.

ജനുവരി

- കച്ചവടക്കണക്ക്
- കുട്ടികളുടെ സാധനങ്ങൾക്ക് (കുട, ബാഗ് etc) വ... നൽകി കട ക്രമീകരിക്കുന്നു.
- കളിനോട്ട് പ്രയോജനപ്പെടുത്തി കച്ച... കളിക്കുന്നു
- പ്രയാസങ്ങൾ ടീച്ചറുടെ സഹായത്തോടെ ... രിക്കുന്നു

ഫെബ്രുവരി

- പ്രായോഗിക പ്രശ്ന പരിഹാരം
- ഗ്ലാസ് അളവ് പാത്രങ്ങൾ ഉപയോ... പ്രവർത്തനം

മാർച്ച്.

- ഗണിതവിജയ പ്രവർത്തനങ്ങൾ
- CPTA
- മികവുകൾ പരിചയപ്പെടുത്തൽ

Std. III

മലയാളം

ആമുഖം:-

കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും, മാനസികവും, വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യം:-

* ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ (ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ)

പ്രവർത്തന പദ്ധതികൾ:-

* ജൂൺ
  - വിജ്ഞ സ്പർശം
  - പ്രീ ടെസ്റ്റ് നടത്തുന്നു
  - അവലോകനം നടത്തൽ
  - വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു
  - സി.പി.ടി.എ മീറ്റിംഗ് നടത്തുന്നു.
* ജൂലായ്
  - ചിത്രം വീഡിയോ കാണിക്കുന്നു
  - വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു

-ഓണത്തിന്റെയും പേരുകൾ പറയുന്നു എഴു...
(പദസൂര്യൻ)

- മറ്റ് പദങ്ങൾ കണ്ടെത്തി എഴുതുന്നു

ആഗസ്റ്റ്

- ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും കാണാനും പുനരവതരണത്തിനുള്ള അവസരം നൽകുന്നു.

- കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുന്നു എഴുതുന്നു

- വാക്യങ്ങൾ നിർമ്മിക്കുന്നു

സെപ്റ്റംബർ

- കഥ അവതരിപ്പിക്കുന്നു

- ചോദ്യങ്ങൾ ഉത്തരങ്ങൾ കണ്ടെത്തുന്നു

- കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു. പേര് എഴുതുന്നു.

ഒക്ടോബർ

- വളരുന്ന വാക്യങ്ങൾ പരിചയപ്പെടുത്തൽ

- ചിത്രം നോക്കി പേര് എഴുതൽ

- "മല, വലിയ മല, മരങ്ങളുള്ള വലിയ മല

- ഇതുപോലെയുള്ള മറ്റ് വാക്യങ്ങൾ സ്വയം കണ്ടെത്തൽ എഴുതൽ

നവംബർ

- ചിഹ്നങ്ങൾ ഉറപ്പിക്കൽ
- ICT ചിത്രം കാണിക്കുന്നു
- പരിചിതമായ വാക്യങ്ങൾ ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ
- ഉചിതമായ ചിഹ്നങ്ങൾ ചേർക്കാനവസരം നൽകുന്നു.

ഡിസംബർ

- ലളിതമായ വായന കാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കൽ
- സ്വയം വായിക്കാനുള്ള അവസരം നൽകൽ

ജനുവരി

- അധ്യാപിക തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു
- കഥയിലെ കഥാപാത്രങ്ങൾ പറയിപ്പിക്കുന്നു
- ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥാഖ്യാനം നിർമ്മിക്കുന്നു

ഫെബ്രുവരി

- കഥാചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു
- ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു
- കഥാപതിപ്പ് തയ്യാറാക്കുന്നു

മാർച്ച്

- CPTA നടത്തുന്നു
- വായനയിലും എഴുത്തിലും കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- മികവുകൾ പരിചയപ്പെടുത്തുന്നു അവതരിപ്പിക്കുന്നു

Standard : III

## English - master plan

**Aim -**

- To Speak. Read write English with out any mistakes

**Time - June to March**

To check the vocabulary and writing skills of pupils.

### Activities

**June and July -**

- Pretest
- To develop listening skills and reading skills

**Listening skills**

- Games, Action Songs.
- Hello English Activities
- Conversation
- Skit Stories, use ICT

## Speaking Skills -

- Identify the naming words from the pictu
- Identify the action words from the s
  picture
- make the simple sentences using the
  words about the picture.
- make simple description about the pi
- Growing sentences picture reading se
  introductions

## August and september

- Develop the creative speaking and w

## Reading Skills

- Books reading
- Find words
- Collect and read past tense
- Rhyming words
- T.B Activities

## Writing Skills

- Make word web
- picture description
- word chain

- make riddles, Conversations
- Add more Lines

## October and November

- To express thoughts, feelings etc .....

### Reading Skills

- Library book reading
- Conversations, skit, stories, use ICT
- Read notice
- Develop story

### Writing Skills

- Description
- Thoughts

## December and January

- Develop the creative speaking and writing.

### Reading Skills

- Library book reading
- Conversation, Skit Stories use ICT
- Develop story
- Reads dairy

### Writing Skills

- Dairy
- Announcement

## February and march

- To improve the presentation power

## Reading Skills

- Library book reading
- Converstions, Skit stories
- Develop Story

## Writing Skills

- Dairy
- Descriptions
- Thoughts
- Exibition

Std III

# പരിസരപഠനം

**ആമുഖം** : പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുന്നതിന് നമ്മുടെ കടമയാണ്. പരിസര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്താനാണ്.

**ലക്ഷ്യം:**
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- കുട്ടികളുടെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം ഇവ വശമാക്കി മാറ്റുക
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി വളർത്തുക
- പരീക്ഷണ, നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക

## പ്രവർത്തനങ്ങൾ

ജൂൺ – ജൂലായ്
- pre test
- അവലോകനം
- പ്രകൃതിനടത്തം
- നിരീക്ഷണം
- അനുഭവ വിവരണം
- പരസ്പരാശ്രയത്വം
- പച്ചക്കറിത്തോട്ടം
- പരിപാലനം
- പരിസര മലിനീകരണം, ജലമലിനീകരണം (ചർച്ച)
- പരിസ്ഥിതി സംരക്ഷണം

ജൂലായ് – സെപ്തംബർ
- ദിനാചരണങ്ങൾ – ചർച്ച
- ദിവസ പരിശോധന
- ശുചിത്വ മത്സരം
- വ്യക്തിശുചിത്വം, പരിസരശുചിത്വം
- poster നിർമ്മാണം

## ഒക്ടോബർ - ഡിസംബർ

ക്രിസ്മസ് ട്രീ

- പ്രകൃതിസംരക്ഷണ poster തയ്യാറാക്കുന്നു
- പഠിക്കുന്നു.

## ജനുവരി - മാർച്ച്

- ശാസ്ത്ര കൗതുകം വളർത്തുന്ന പ്രവർത്തനങ്ങളിൽ
- ഏർപ്പെടുന്നു.

പക്ഷിനിരീക്ഷണം

- പച്ചക്കറിത്തോട്ടത്തിൽ കിളികൾക്ക് ദാഹജലം സജ്ജീകരണം

# Academic Master Plan

CLASS - 4

# English

Aim: To speak, read and write English without any mistakes

Time: June to March

Pretest: To check the vocabulary and writing skills of pupils.

## June and July

* To develop listening skills and speaking skills

### Listening skills

1. Games, Action songs - Hello English Activities
2. Conversations, skit, stories

### Speaking skills

1. Identify the naming words from the picture
2. Identify the action words from the same pictures
3. Make simple sentences using the action word

and meaning words about the picture

1. Growing sentences, picture reading, self introduction, Assembly conducting opportunity

## August and September

* To develop reading skills and writing skills

### Reading skills

1. News paper reading, library book reading, book review, reading breaking news
2. Find words
3. Collect and read past tense
4. Rhyming words
5. Describing words
6. Textbook activities

### Writing skills

1. Make word web
2. Picture description with describing words
3. Word chain
4. Make words and sentences
5. Make riddles, conversations.
6. Add more lines.

## October and November

* To express thoughts and feelings

### Reading skill

1. News paper reading
2. Conversations, skit, stories using ICT
3. Read breaking news
4. Develop story

### Writing skills

1. Description
2. Notice proclamation
3. Thoughts
4. Speech
5. Quiz, riddles, magazine making

## December and January

* To develop the creative speaking and writing.

### Reading skills

1. Library book reading
2. Conversations, skit

3. Develop story
4. Reads diary
5. Reads letters from friends

## Writing skills

1. Diary
2. Letter
3. Announcement
4. Make riddles

## February and March

* To improve the presentation power

## Reading skills

1. Reading stories
2. Reads breaking news
3. Reading book reviews

## Writing skills

1. Announcement
2. Notice making
3. Description
4. Makes magazine.

# Academic Master Plan

## CLASS 4

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| നിരീക്ഷണം -അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധ പ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA |
| ശാസ്ത്രമൂല നിർമാണം | ശാസ്ത്ര പഠനത്തിനാവശ്യ മായ സാമഗ്രികൾ ഒരുക്കുക, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| കേരളം- ഇന്ത്യ ഭൂപട വായന | • ഭൂപട വായന<br>• ഭൂപട രചന<br>• സൂചിക നിർമ്മാണം<br>• ജിക്സോ പസിൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| ശാസ്ത്ര പഠന ത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനം | • പതിപ്പ്, ചാർട്ട്, ആൽബം, ശാസ്ത്രമാസിക, പഠനോപകരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം. | വർഷാവസാനം | HM SRG ക്ലാസ് ടീച്ചർ |

# Academic Master Plan

CLASS 1

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിച്ച് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG<br>ക്ലാസ് ചാർജ്ജ് ടീച്ചർ |
| വായനാശേഷി വളർത്തൽ | • ക്ലാസ് വായനാ കൂട്ടം<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• പുസ്തകപരിചയം<br>• വായനാകുറിപ്പ്<br>• ആസ്വാദന കുറിപ്പ് | വർഷം മുഴുവൻ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവനും | SRG<br>ക്ലാസ് ടീച്ചർ |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher |

| | | | |
|---|---|---|---|
| അറിവ് ഡോക്യുമെന്ററിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br><br>രചനാപരിചയ കുറിപ്പ് തയ്യാറാക്കൽ | • ഓർമദിനങ്ങൾ ആചരിക്കൽ<br>• ഡോക്യുമെന്ററി പ്രദർശനം<br>• ക്വിസ്, ലഘു പ്രഭാഷണം<br>• പതിപ്പ് തയ്യാറാക്കൽ<br>• പോസ്റ്റർ നിർമാണം<br><br>• പുസ്തകവായന<br>• Reading Card വായന<br>• ചെറുകുറിപ്പുകൾ തയ്യാറാക്കൽ<br>• അവതരണം | ആവശ്യാനുസരണം | SRG<br>CPTA<br>ക്ലാസ് ടീച്ചർ |
| പഠനോത്സവം<br>ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷാവസാനം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ |

# Academic Master Plan

## CLASS 4

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | • വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പിലാക്കൽ<br>• ചതുഷ്ക്രിയകൾ വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ ഉറപ്പിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ |
| • ഗണിതലാബ് സജ്ജമാക്കൽ<br>• പഠനോപകരണ ശിൽപശാല | • വിവിധ ഗണിത പഠനോപകരണങ്ങൾ നിർമിക്കൽ<br>• ഗണിതകിറ്റ് നിർമ്മാണം<br>• കളിനോട്ട്, അബാക്കസ്, ക്ലോക്ക്, ജ്യാമിതീയ രൂപങ്ങൾ എന്നിവ തയ്യാറാക്കൽ<br>• ഗണിതമൂല സജ്ജീകരണം<br>• ടാൻഗ്രാം നിർമാണം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിതമേള ഗണിതശേഷികളുടെ പ്രദർശനം | പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷാവസാനം | SRG ക്ലാസ് ടീച്ചർ |